തിയ്യതി:19/05/2020

**<u>നടപടിക്രമം</u>**

**<u>ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി & ജില്ലാ കളക്ടർ, മലപ്പുറം</u>**

(ഹാജർ- എൻ.എം. മെഹറലി) (അധികച്ചുമല)

വിഷയം:- കോവിഡ് 19 - വിദേശ രാജ്യങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും തിരികെ എത്തുന്നവർക്കായി പ്രാദേശികതലത്തിൽ സ്ഥാപിക്കപ്പെട്ട കൊറോണ കെയർ സെൻററുകളിലേക്കുള്ള ചാർജ്ജ് ഓഫീസർമാരായി അധ്യാപകരെ നിയമിച്ച് ഉത്തരവാകുന്നു.

സൂചന:- 1)ഈ ഓഫീസിലെ 7/5/2020 ലെ DCMMPM/1734/2020-DM1 നമ്പർ ഉത്തരവ്.
2)സർക്കാർ ഉത്തരവ് നമ്പർ (കൈ) 86/2020/പൊതുഭവ തീയ്യതി 04/05/2020
3)ഈ ഓഫീസിലെ 24/04/2020 ലെ DCMMPM/1734/2020 - DM1 നമ്പർ ഉത്തരവ്.

**********************

ലോക വ്യാപകമായി പടർന്നുപിടിക്കുന്ന കോവിഡ് 19 പ്രഖ്യാപിത ദുരന്തമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിലും മലപ്പുറം ജില്ലയിൽ കോവിഡ് രോഗം സ്ഥിരീകരിച്ച സാഹചര്യത്തിലും രോഗവ്യാപനം തടയുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും 2020 മെയ് 17 വരെ ഇൻഡ്യയിൽ സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിക്കുകയും മലപ്പുറം ജില്ലയിൽ സി ആർ പി സി 144 വകുപ്പ് പ്രകാരം നിരോധനാജ്ഞ നടപ്പിൽ വരുത്തി ഉത്തരവായിട്ടുള്ളതാണ്.

മൂന്നാംഘട്ട ലോക്ഡൗണിൽ കേരളത്തിനും ഇൻഡ്യക്കും പുറത്തുള്ള കേരളീയരെ തിരികെ കൊണ്ടുവന്നുകൊണ്ടിരിക്കുകയാണ് . സൂചന (1) (3) പ്രകാരം ഇങ്ങനെ മടങ്ങി വരുന്ന വ്യക്തികളെ കോറന്റീൻ ചെയ്യുന്നതിന് വേണ്ടി ജില്ലയിൽ കൊറോണ കെയർ സെൻററുകൾ സ്ഥാപിച്ചുകൊണ്ടും നടപടിക്രമങ്ങൾ വിശദീകരിച്ചും ആയതിൻറെ ചുമതല നിർവ്വഹിക്കേണ്ട തദ്ദേശ സ്വയംഭരണസ്ഥാപനതല സമിതി സൂചന (2) പ്രകാരമുള്ളത് രൂപീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

ഓരോ കൊറോണ കെയർ സെൻററുകളിലും 3 ചാർജ്ജ്ഓഫീസർമാർ ആവശ്യമായിട്ടുണ്ട്. ഇക്കാര്യത്തിലേക്കായി നിലവിൽ സെന്ററുകളിലേക്ക് ഗ്രാമ, റവന്യൂ, തദ്ദേശസ്വയംഭരണ ഘടകസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രവാസികളുടേയും കേരളത്തിന് പുറത്ത് നിന്ന് തിരികെ വന്നുകൊണ്ടിരിക്കുന്ന കേരളീയരുടേയും ബാഹുല്യം കാരണം സെൻററുകൾ കൂടുതലായി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ സെൻററുകളിലെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കേണ്ട ചാർജ്ജ് ഓഫീസർമാരുടെ അഭാവം ഗണ്യമായ തോതിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇക്കാരണത്താൽ പല സെൻററുകളും പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം ഉടലെടുത്തിട്ടുണ്ട്.

ഈ അടിയന്തിര സാഹചര്യം പരിഗണിച്ച് അധ്യാപകരെ സെൻററുകളിൽ ചാർജ്ജ് ഓഫീസർമാരായി നിയമിക്കുന്നത് ഉചിതമാകുമെന്നുള്ളതിനാൽ ചാർജ്ജ് ഓഫീസർമാരായി നിയമിക്കുന്നതിന് ആവശ്യമായ അധ്യാപകരുടെ ലിസ്റ്റ് ആവശ്യപ്പെടുകയും ആയത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിച്ച ലിസ്റ്റിൽ നിന്നും ജില്ലയിലെ

കൊറോണ കെയർ സെൻററുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അധ്യാപകരെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ദുരന്തനിവാരണ നിയമം 2005 വകുപ്പ് 26(2), 34 എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കൊറോണ കെയർ സെൻർ നടത്തിപ്പിൻറെ ചാർജ്ജ് ഓഫീസർമാരായി ആവശ്യകതയനുസരിച്ച് പഞ്ചായത്ത്തല സമിതിക്ക് നിയമിക്കാനുള്ള അധികാരം നൽകി ഉത്തരവാകുന്നു . ഉത്തരവിനോട് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ നിന്നുമാണ് ചാർജ്ജ് ഓഫീസർമാരെ നിയമിക്കേണ്ടത്.

ചാർജ്ജ് ഓഫീസർമാർ 8 മണിക്കൂർ ദൈർഘ്യമുള്ള ഷിഫ്റ്റായിട്ടാണ് പ്രവർത്തിക്കേണ്ടത്. സെൻററുകളിൽ താമസിക്കുന്ന അന്തേവാസികളുടെ ഹാജർ ചാർജ്ജ് ഓഫീസർ ദിനംപ്രതി 2 നേരം എടുക്കേണ്ടതാണ്. ഇങ്ങനെ എടുക്കുന്ന ഹാജർ വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കേണ്ടതാണ് . സെൻററുകളിൽ ഉണ്ടാകുന്ന വൈഷമ്യം മറ്റ് ബുദ്ധിമുട്ടുകൾ എന്നിവ നോഡൽ ഓഫീസർ / ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കേണ്ടതും പരിഹാരം തേടേണ്ടതുമാണ് . ചാർജ്ജ് ഓഫീസർമാരുടെ ഡ്യൂട്ടി സൂചന (2) (3) പ്രകാരമുള്ള പഞ്ചായത്ത്തല സമിതി ചുമതലപ്പെടുത്തി നൽകേണ്ടതാണ്. ഉവരുടെ സുരക്ഷക്ക് ആവശ്യമായ സൗകര്യങ്ങൾ പഞ്ചായത്ത്തല സമിതി ഏർപ്പെടുത്തി നൽകേണ്ടതാണ്.

കൊറോണ കെയർ സെൻററുകളിലെ ചാർജ്ജ് ഓഫീസർമാരായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ / അധ്യാപകർ കൃത്യമായി ഡ്യൂട്ടിക്ക് ഹാജരാകേണ്ടതും ആയതിൽ വീഴ്ച വരുത്തുന്നപക്ഷം ദുരന്ത നിവാരണ നിയം 2005, 1897 ലെ പകർച്ചവ്യാധി നിയമം എന്നിവ പ്രകാരമുള്ള ലംഘനമായി കണക്കാക്കുന്നതും ആയത് പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്.

ജില്ല നോഡൽ ഓഫീസർ – ശ്രീ. പി.എൻ. പുരുഷോത്തമൻ, ഡെപ്യൂട്ടി കളക്ടർ ( ദുരന്ത നിവാരണം) –

8547616007

അസിസ്റ്റൻറ് നോഡൽ ഓഫീസർ – ശ്രീ. കെ.പി. അൻസുബാബു – ( സീനിയർ സൂപ്രണ്ട് ) സ്യൂട്ട്

സെൽ – 9447446307

ജില്ല ദുരന്ത നിവാരണ അതോറിറ്റി കൺട്രോൾ റൂം – 0483 – 2739581

ജില്ല മെഡിക്കൽ ഓഫീസ് കൺട്രോൾ റൂം – 0483 – 2733251 / 2733252/2733253

ജില്ല കൺട്രോൾ റൂം ഇ മെയിൽ – mlpmccc@gmail.com

ചെയർമാൻ & ജില്ലാ കളക്ടർ (അധിക ചുമതല)

Signature Not Verified
Digitally signed by MEHARALI
Date: 2020.05.19 16:15:38 IST
Reason: Approved

പകർപ്പ്

1. ജില്ല പോലീസ് മേധാവി
2. സബ് കളക്ടർ പെരിന്തൽമണ്ണ
3. ആർ ഡി ഒ തിരൂർ
4. ജില്ല മെഡിക്കൽ ഓഫീസർ ( ആരോഗ്യം)
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം